എം.സി.എ നാസർ

# നിൽക്കുന്ന തറയുടെ ചൂട് തിരിച്ചറിയുമ്പോൾ.....

**'യഥാർഥത്തിൽ** പാപഭാരം ഏറ്റെടുക്കേണ്ടത് അറബ് രാഷ്ട്രനേതാക്കളായ നാം തന്നെയാണ്. നമ്മുടെ സ്ഥിരം ഭിന്നതകൾ, ഐക്യമാർഗം പിൻപറ്റുന്നതിലെ തിരസ്കാരം-ഇവയെല്ലാം ചേർന്നപ്പോൾ അറബ് രാഷ്ട്രങ്ങൾക്ക് നമ്മിലുള്ള വിശ്വാസ്യത തകർന്നു; ഒപ്പം വർത്തമാനത്തിലും ഭാവിയിലുമുള്ള മുഴുവൻ പ്രതീക്ഷകളും'

റിയാദിൽ സമാപിച്ച അറബ് ലീഗ് ഉച്ചകോടിയിൽ സുഊദി ഭരണാധികാരി അബ്ദുല്ല രാജാവിന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഉയർന്ന ആത്മവിമർശത്തിന്റെ ചീന്താണിത്. മുമ്പ് നടന്ന പതിനെട്ട് ഉച്ചകോടികളിലും കേൾക്കാതിരുന്ന ദൃഢസ്വരം. നിൽക്കുന്ന തറയുടെ ചൂട് തിരിച്ചറിയുമ്പോൾ മാത്രമാണ് നേതാക്കൾ കൂടുതൽ സത്യസന്ധതയോടെ കാര്യങ്ങൾ അവതരിപ്പിക്കാറെന്നു പറയാറുണ്ട്. മേനിപറച്ചിലുകളുടെയും പരസ്പരം ആദരിക്കലുകളുടെയും വാർഷിക മാമാങ്കങ്ങളായി നിർണായക ഉച്ചകോടികളെ മാറ്റിയെടുത്തവർ പുനരാലോചനയിലേക്ക് വന്നു എന്നതുതന്നെ ഐതിഹാസിക മാറ്റം തന്നെയാണ്. രാഷ്ട്രീയ പക്വത, ആർജവം, സ്വന്തം മണ്ണിനോടും മനുഷ്യരോടുമുള്ള ആത്മാഭിമാന ബോധം എന്നിവ കൂടി നേതൃത്വത്തിന്റെ ഉള്ളിലേക്ക് ഇറങ്ങിച്ചെല്ലണം. എങ്കിൽ അറബ് ലോകത്തിന്റെ ഭാവി മറ്റൊന്നാകും. ഉച്ചകോടി പത്തൊമ്പതിലെത്തുമ്പോഴെങ്കിലും തങ്ങളെയും മേഖലയെയും വേട്ടയാടുന്ന ഭീതിദമായ അവസ്ഥയെ കുറിച്ച് നേതാക്കൾക്ക് ബോധ്യം വന്നതിൽ ഏറെ ആശ്വസിക്കുന്നവരാണ് കൂടുതൽ. അബ്ദുല്ല രാജാവിന്റെ ഉദ്ഘാടന പ്രസംഗം മാത്രമായിരുന്നില്ല റിയാദ് ഉച്ചകോടിയുടെ ദിശാമാറ്റത്തിന്റെ സൂചന. രണ്ടു ദിവസം നീണ്ട ഉച്ചകോടിയിലെ ചർച്ചകളിൽ വരെ വേറിട്ട വഴി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ദുർബലമായാണെങ്കിലും നിഴലിടുകയുണ്ടായി. പാശ്ചാത്യ മാധ്യമങ്ങൾ അപ്പോഴേക്കും ചരിത്രവധം ആരംഭിച്ചുകഴിഞ്ഞിരുന്നു. ചാവേസ്, നിജാദ്, അബ്ദുല്ല രാജാവ് എന്നിങ്ങനെ പുതിയൊരു ത്രികക്ഷി സഖ്യത്തെയും അവർ വരച്ചുവെച്ചു. എതിരിടുന്നവരെയൊക്കെ മാധ്യമങ്ങളുടെ പിന്തുണയോടെ നശിപ്പിക്കാനുള്ള അജണ്ടയുടെ തുടക്കം കൂടിയായിരുന്നു ഈ അസന്തുലിത വിലയിരുത്തൽ.

നേതാക്കളുടെ പോക്കുവരവുകളുടെ ആഘോഷചിത്രങ്ങൾക്കപ്പുറം അറബ് ഉച്ചകോടികൾ പൊതുസമൂഹത്തിന് ക്രിയാപരത സമ്മാനിച്ചിരുന്നില്ല. അങ്ങനെ വന്നാൽ കൂട്ടായ്മ തന്നെ തകരുമെന്ന അദൃശ്യമായ ഏതോ ഉൾഭീതിയും നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ കലണ്ടർ കണക്കിൽ ഒത്തുചേരുന്ന നേതാക്കൾ സുഗന്ധം നിലനിർത്തി ഭംഗിവാക്കുകളിലും ഔപചാരിക ഭാഷണങ്ങളിലും കടമ തീർത്തു മടങ്ങുകയായിരുന്നു പതിവ്. നിലനിൽക്കുന്ന അവസ്ഥയെ കുറിച്ച് ഗൗരവതരമായ ചർച്ചകൾ തന്നെ വിരളം. മാധ്യമപ്രവർത്തകർക്കും വിശേഷിച്ച് പണിയൊന്നുമില്ല. പോയ 18 ഉച്ചകോടിയുടെയും 'ഫൈനൽ കമ്യൂണിക്കെ' എടുത്തുനോക്കൂ. ഒരേ വാചകങ്ങളും വാക്കുകളും. ചില കാര്യങ്ങളിൽ മുൻഗണനാക്രമം ഒന്നു മാറിയിരിക്കാം. എല്ലാം പറയണമെന്നുണ്ടെങ്കിലും ഒന്നും പറയാതിരിക്കുന്നതിന്റെ ഭീരുത്വം മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളോടുള്ള നിലപാടുകളിൽ തെളിഞ്ഞുതന്നെ കാണാം. മറക്കുപിന്നിൽ പൂച്ചയെ പോലെ പതുങ്ങിനിൽക്കുന്ന ഭീതിയുടെ നിഴലാട്ടം. ഇതിനെ മറികടക്കാൻ വിധേയന്റെ ഉഛ്വാസനിശ്വാസങ്ങൾ...

ഇത് അറബ് ഉച്ചകോടികളുടെ മാത്രം ദുരന്തമല്ല. 57 അംഗ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഒ.ഐ.സിയുടെ സ്ഥിതിയും ഭിന്നമല്ല. ഒന്നു മനസ്സു വെച്ചിരുന്നുവെങ്കിൽ 2003 മാർച്ച് 5-ന് ഖത്തർ തലസ്ഥാനമായ ദോഹയിൽ ചേർന്ന ഒ.ഐ.സിയുടെ അസാധാരണ സമ്മേളനം നല്ലൊരു അവസരം നൽകിയേനെ. അമേരിക്കയുടെ ഇറാഖ് അധിനിവേശത്തെ ചെറുക്കാനുള്ള അവസാന അവസരമാണ് അതെന്ന് അന്നവിടെ വന്നുചേർന്ന മുഴുവൻ പേർക്കും അറിയാമായിരുന്നു. കാരണം അജണ്ട അമേരിക്കയുടെ ഇറാഖ് ആക്രമണം മാത്രമായിരുന്നു. വൈസ് പ്രസിഡന്റ് ഇസ്സത്ത് ഇബ്റാഹീമിന്റെ നേതൃത്വത്തിലായിരുന്നു ഇറാഖിൽനിന്ന് ഇരകൾ വന്നത്. ബഗ്ദാദ് മാത്രമല്ല ശത്രുവിന്റെ ലക്ഷ്യമെന്ന നിസ്സഹായ നിലവിളിയായിരുന്നു അവർ നടത്തിയത്. സദ്ദാം മാത്രമല്ല സാമ്രാജ്യത്വത്തിന്റെ ലക്ഷ്യമെന്ന മുന്നറിയിപ്പ് നൽകാൻ ശ്രമിച്ചപ്പോൾ അത് കേൾക്കാനുള്ള താൽപര്യം പോലും പലർക്കും ഇല്ലാതെ പോയി. മികച്ച കൂട്ടിക്കൊടുപ്പുകാരുടെ റോളിൽ ചിലർ ദല്ലാൾ സംഖ്യ പോലും ഇതിനിടയിൽ കൈപ്പറ്റിയിരുന്നിരിക്കണം. ഐക്യത്തിന്റെ ഉറച്ച ശബ്ദം ഇപ്പോഴെങ്കിലും പുറപ്പെടുവിച്ചില്ലെങ്കിൽ ഭാവിയിൽ തോൽക്കുന്നത് ഇറാഖ് മാത്രമായിരിക്കില്ലെന്നാണ് അന്നത്തെ ഇറാഖ് വിദേശകാര്യമന്ത്രി നാജി സ്വബ്രി മുന്നറിയിപ്പ് നൽകിയത്. ഇടവേളയിൽ പുറത്തിറങ്ങിയ സ്വബ്രി മാധ്യമപ്രവർത്തകരോട് ഒരു കാര്യം പറയാൻ മറന്നില്ല: 'അധിനിവേശം തുടരാൻ പോകുന്നേ ഉള്ളൂ. ഇവരൊന്നും അതിൽനിന്ന് രക്ഷപ്പെടില്ല.'

ഒന്നും കേൾക്കാർ പറ്റിയ മാനസികാവസ്ഥയിലായിരുന്നില്ല പലരും. ഇവരിൽ ചിലർക്ക് പഴയ കണക്കുകൾ തീർക്കേണ്ടതുണ്ടായിരുന്നു. വസ്തുതകൾക്കപ്പുറം വൈകാരികതയോടായി താൽപര്യം. ഇറാഖ്- കുവൈത്ത് പ്രതിനിധികൾ സഭ്യതവിട്ട പരാമർശങ്ങളിലേക്ക് മാറിയപ്പോൾ പോലും വരാനിരിക്കുന്ന ദുരന്തത്തെ കുറിച്ച് നടുനിവർത്തി എന്തെങ്കിലുമൊന്ന് പറയാൻ അന്നവിടെ ആരും ഉണ്ടായിരുന്നില്ല. ഇപ്പോഴിതാ അധിനിവേശം നാലു വർഷം പിന്നിടുമ്പോൾ എല്ലാ നേതാക്കളും വേദനയോടെ ആ ദുരന്ത

ചിത്രം പങ്കുവെക്കുകയാണ്. ബഗ്ദാദും കടന്ന് അംഗരാജ്യങ്ങളുടെ മുഴുവൻ ഉറക്കം കെടുത്തുമാറ് വളർന്നുകഴിഞ്ഞിരിക്കുന്നു ഇറാഖ് അധിനിവേശത്തിന്റെ ബാക്കിപത്രം. വിദേശ ശക്തികളുടെ നിയമവിരുദ്ധ അധിനിവേശമാണ് ഇറാഖിലേതെന്ന് അബ്ദുല്ല രാജാവ് ഇതാദ്യമായി തുറന്നടിച്ചത് അറബ് മാധ്യമങ്ങൾ കൊണ്ടാടി. എത്രയോ കാലമായി കാത്തിരുന്ന ഒരു ലീഡ് വാർത്തയുടെ ആഹ്ലാദാരവങ്ങളോടെയാണ് അറബ് തെരുവുകൾ പിറ്റേന്ന് പത്രവാർത്ത ഏറ്റുവാങ്ങിയത്. അറബ് പൊതുസമൂഹത്തിന്റെ വികാരം ഇത്ര ശക്തമായി ഒരു നേതാവിന്റെ പ്രസംഗത്തിൽ അലയടിച്ചതും അടുത്തിടെ ഇതാദ്യമായിരിക്കും. പുറമേക്ക് നിശ്ശബ്ദമെങ്കിലും ഒരു ജനതയുടെ ഉള്ളിൽ പുകയുന്ന തീവ്രവികാരത്തിന്റെ പ്രതിധ്വനി തന്നെയാണ് അവിടെ ഉയർന്നു കേട്ടത്.

ഇറാഖി ജനതക്കും മേഖലയിലെ ജനതക്കും അധിനിവേശ ശക്തികൾ ഇറാഖിൽ തുടരേണ്ടതില്ലെന്ന അഭിപ്രായം തന്നെയാണുള്ളത്. അന്താരാഷ്ട്ര നിയമങ്ങൾ മറികടന്നായിരുന്നു അധിനിവേശം. കൊളോണിയൽ ശക്തികളെ കെട്ടുകെട്ടിക്കാൻ ചരിത്രത്തിൽ തുല്യതയില്ലാത്ത വേദനകൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടിരിക്കുകയാണ് സുഊദിയുടെ അഞ്ഞൂറോളം കിലോമീറ്റർ അതിർത്തി പങ്കിടുന്ന രാജ്യം. അമേരിക്കയും യൂറോപ്പുമായി നല്ല ബന്ധമാണ് സുഊദി അറേബ്യക്കുള്ളത്. ഈ ബന്ധം ഉപയോഗപ്പെടുത്തി കാര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കാൻ സുഊദി നേതൃത്വം തയാറെടുക്കുമെന്ന പ്രത്യാശയും രിയാദ് ഉച്ചകോടി ബാക്കിവെക്കുന്നു. പക്ഷേ, അബ്ദുല്ല രാജാവിന്റെ പ്രസ്താവനയെ പോലും സഹിക്കാൻ അമേരിക്കക്ക് കഴിഞ്ഞില്ല. ഇതു സംബന്ധിച്ച് സുഊദി നേതൃത്വവുമായി ആശയവിനിമയം നടത്തുമെന്ന മുന്നറിയിപ്പാണ് വൈറ്റ് ഹൗസ് നൽകിയത്. ഈ മാസം വൈറ്റ് ഹൗസിൽ ബുഷ് വിരുന്നുസൽക്കാരത്തിന് അബ്ദുല്ല രാജാവിനെ ക്ഷണിച്ചിരുന്നു. എന്നാൽ അതു നിരസിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്കു മുമ്പാകെ എന്തെങ്കിലും തീരുമാനം സമർപ്പിക്കാനില്ലാതെ വെറും സന്ദർശനം കൊണ്ടെന്തു കാര്യം എന്നാണ് സുഊദി ഭരണാധികാരി ചോദിച്ചതെന്ന് *അശ്ശർഖുൽ ഔസത്* പത്രം റിപ്പോർട്ട് ചെയ്യുന്നു. പറയുന്നിടത്ത് ഒപ്പുവെക്കുന്നവരും യെസ് മൂളികളും മാത്രമായ അറബ് കൂട്ടായ്മയുടെ മാറുന്ന വ്യതിയാനത്തിന്റെ ആരംഭമായിരിക്കുമോ ഇത്? ഒന്നുറപ്പ്, ആഭ്യന്തര സമ്മർദം അത്രയേറെ ശക്തമാണെന്ന് അറബ് നേതാക്കളുടെ പ്രതികരണങ്ങളിൽ തെളിയുന്നുണ്ട്. നാലു വർഷം മുമ്പ് സദ്ദാമിനെ തുരത്താൻ കവാത്ത് തെറ്റാതെ നിരന്നുനിന്ന അറബ് ഭരണവർഗത്തെയല്ല ഇപ്പോൾ കാണുന്നത്. ഇറാനെതിരെ പിന്തുണ തേടി പല തവണ കോണ്ടലീസാ റൈസ് അറബ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടും അനുകൂല പ്രതികരണമൊന്നും കിട്ടിയില്ല. സ്വന്തം നിലക്ക് സമാധാനപരമായ ആവശ്യങ്ങൾക്കായി ആണവശക്തി വിനിയോഗിക്കുന്നതിൽ തെറ്റില്ലെന്ന പുതിയ നിലപാടുകളും ഇപ്പോൾ പുറത്തുവരുന്നുണ്ട്. തെഹ്റാനെ ആക്രമിക്കാൻ ഒരിഞ്ചു മണ്ണു പോലും വിട്ടുകൊടുക്കില്ലെന്ന യു.എ.ഇയുടെ മുന്നറിയിപ്പും സാമ്രാജ്യത്വത്തിന്റെ പുതിയ അധിനിവേശങ്ങളുടെ കാർക്കശ്യം കുറക്കാൻ സഹായിക്കുന്നുണ്ട്. മറ്റൊരു അധിനിവേശം കൂടി താങ്ങാൻ കെൽപ്പില്ലെന്ന സന്ദേശം തന്നെയാണ് ഇത്തരം പ്രതികരണങ്ങളിൽ തെളിയുന്നത്.

ഫലസ്ത്വീൻ പ്രശ്നത്തിൽ മൂർത്തമായ ഒരു നിലപാട് മുന്നോട്ടുവെക്കാൻ കഴിഞ്ഞതും രിയാദ് ഉച്ചകോടിയുടെ മറ്റൊരു സവിശേഷത തന്നെ. ഫതഹ്-ഹമാസ് നേതാക്കളെ മക്കയിൽ ഒരുമിപ്പിച്ചതും ഐക്യസർക്കാർ രൂപവത്കരിക്കാൻ അവരെ പ്രേരിപ്പിച്ചതും അറബ് രാഷ്ട്രീയ ഭൂമികയിൽ സുഊദി നേടിയ നിർണായക വിജയം തന്നെ. അഹ്മദി നിജാദും ഇറാനും ഹസൻ നസ്റുല്ലയും കവർന്നെടുക്കുന്ന തങ്ങളുടെ ഇടം തിരിച്ചുപിടിക്കുകയെന്ന യാഥാർഥ്യബോധവും ഇത്തരം ഇടപെടലുകളിൽ തെളിഞ്ഞു കാണാം. ഇറാഖിലെ വംശീയ വിഭാഗങ്ങൾക്കിടയിൽ ഐക്യം രൂപപ്പെടുത്താൻ മക്കയിൽ നടന്ന അനുരഞ്ജന നീക്കവും അബ്ദുല്ല രാജാവിന് ഇരകളുടെ മനസ്സുകളിലേക്ക് കൂടുതൽ നടന്നടുക്കാൻ അവസരം നൽകി. എന്നാൽ മാന്യനായ സുഹൃത്താകാൻ തങ്ങൾക്ക് കഴിയില്ലെന്നാണ് അമേരിക്ക വെളിപ്പെടുത്തുന്നത്. ഫലസ്ത്വീൻ ഐക്യസർക്കാറിനോടുള്ള യു.എസ് പ്രതികരണം തന്നെ ഉദാഹരണം. പൊതുതാൽപര്യം മുൻനിർത്തി പരമാവധി അനുരഞ്ജനത്തിന് ഹമാസ് തയാറായ ഘട്ടത്തിൽ പോലും ഇസ്രയേലിന്റെ അതേ സ്വരം ഏറ്റുപിടിക്കുകയായിരുന്നു അമേരിക്ക. ഫലസ്ത്വീൻ സർക്കാറിനുള്ള ഫണ്ട് നിഷേധം തുടരുമെന്നും അന്താരാഷ്ട്രതലത്തിൽ ഐക്യസർക്കാറിനെ ഒറ്റപ്പെടുത്തുമെന്നും യാങ്കി നേതൃത്വം തുറന്നു പ്രഖ്യാപിച്ചു. ഹമാസ് ഒഴികെയുള്ള മന്ത്രിമാരുമായി മാത്രം നയതന്ത്രബന്ധം പുലർത്തി ഐക്യസർക്കാറിനെ തുരങ്കം വെക്കാനുള്ള തന്ത്രങ്ങളായിരുന്നു പിന്നീട് അരങ്ങേറിയത്.

ഫലസ്ത്വീൻ, ഇറാഖ് എന്നിവക്കു പുറമെ സോമാലിയ, ദാർഫൂർ, ലബനാൻ, ഇറാൻ പ്രശ്നങ്ങളും ഉച്ചകോടിയിൽ അലയടിച്ചു. ഫലസ്ത്വീൻ പ്രശ്നത്തിൽ രണ്ടായിരത്തി രണ്ടിൽ അറബ് നേതൃത്വം രൂപം നൽകിയ സമാധാന പദ്ധതി വീണ്ടും ശക്തമായി മുന്നോട്ടുവെച്ചത് നിലപാടുകൾ ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗം തന്നെ. പശ്ചിമേഷ്യയിൽ സമാധാനവും സുസ്ഥിരതയുമാണ് അറബ് രാജ്യങ്ങൾ വിഭാവന ചെയ്യുന്നത്. 1967-നു മുമ്പുള്ള സ്ഥാനങ്ങളിലേക്ക് ഇസ്രയേൽ പിന്മാറുക, ജറൂസലം ആസ്ഥാനമായി സ്വതന്ത്ര ഫലസ്ത്വീൻ രാഷ്ട്രം സ്ഥാപിക്കുക, മുഴുവൻ ഫലസ്ത്വീൻ അഭയാർഥികളെയും ജന്മഗേഹത്തിലേക്ക് തിരിച്ചു വരാൻ അനുവദിക്കുക-ഈ മൂന്നിന ഉപാധികളുടെ പുറത്ത് ഇസ്രയേലുമായി നയതന്ത്ര ബന്ധം പുലർത്താൻ ഒരുക്കമാണെന്ന സന്ദേശമാണ് രിയാദ് ഉച്ചകോടി നൽകിയത്. ജൂതരാഷ്ട്രത്തിന്റെ അസ്തിത്വം അംഗീകരിച്ചുകൊണ്ടുള്ള യാഥാർഥ്യപൂർണമായ നിലപാടാണിത്. മുഴുവൻ അറബ് രാജ്യങ്ങളുടെയും കൈയൊപ്പ് ഇതിനു ലഭിച്ചു എന്നതും ചെറിയ കാര്യമല്ല. എന്നിട്ടും ഒൽമെർട്ടിന്റെ ആദ്യ പ്രതികരണം അഹന്തയിൽ ചുട്ടെടുത്ത ഒന്നായിരുന്നു. ചർച്ചകൾക്ക് ഒരുക്കമാണെങ്കിലും ഉപാധികൾ ഒന്നും തന്നെ അംഗീകരിക്കാൻ തയാറല്ലെന്ന ധാർഷ്ട്യം.

ഏതായാലും അറബ് ലോകത്തിന് രിയാദ് പുതിയ മാതൃക സമ്മാനിക്കുകയാണ്. പക്ഷേ, ഭാവി രാഷ്ട്രീയ നിലപാടുകളുടെ ആർജവത്വം എത്ര ശക്തമായിരിക്കും എന്നതാണ് പ്രധാനം. ■